"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)
ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവില്: രതീശൻ സി )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം -വര്ക്ക്ഷോപ്പ് അറ്റന്ഡര് (ഫിറ്റര്) തസ്തികയിലെ ജീവനക്കാര്ക്ക് ജൂനിയര് ഇന്സ്ട്രക്ടര് (ഫിറ്റര്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം -അനുവദിച്ച് ഉത്തരാവകുന്നു

പരാമര്ശം:- 1. 29.11.1971-ലെ 408/71/പി.ഡി നമ്പരായ വിജ്ഞാപനം
2. 24.04.2008-ലെ 9855/സി/2008/തൊഴില് നമ്പരായ സര്ക്കാര് കത്ത്
3.17.02.2021-ലെ DT/3306/2020-A2 നമ്പരായ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**ഉത്തരവ് നമ്പര്: DT/864/2021-A2, തീയതി: 17-10-2023**

പരാമര് ശം (1) ലെ സര്ക്കാര് വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പില് ജൂനിയര് ഇന്സ്ട്രക്ടര് തസ്തികയിലെ ഒഴിവുകള് 3:1 എന്ന അനുപാതത്തില് നേരിട്ടും വ്യാവസായിക പരിശീലന വകുപ്പിലെ വര്ക്ക്ഷോപ്പ് അറ്റന്ഡര് തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തില് സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കേണ്ടത് തസ്തികയിലെ അംഗബലത്തിന്റെ അടിസ്ഥാനത്തില് ആണ് എന്ന് രണ്ടാം പരാമര്ശ പ്രകാരം സര്ക്കാര് നിര്ദ്ദേശം നല്കിയിട്ടുണ്ട്.

മേല്സാഹചര്യങ്ങളില്, നിലവിലെ ജൂനിയര് ഇന്സ്ട്രക്ടര് തസ്തികയില് ഓരോ ട്രേഡിലേയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വര്ക്ക്ഷോപ്പ് അറ്റന്ഡര് തസ്തികയില് നിന്നും സ്ഥാനക്കയറ്റം നല്കപ്പെട്ട് നിലവില് ഇന്സ്ട്രക്ടര് തസ്തികയില് ഓരോ ട്രേഡിലും സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലും, ഓരോ ട്രേഡിലും നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തില്, മൂന്നാം പരാമര്ശപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റില് ഉള്പ്പെട്ട വര്ക്ക്ഷോപ്പ് അറ്റന്ഡര് തസ്തികയിലെ ജീവനക്കാരില് നിന്നും ഒന്നാം പരാമര്ശ വിജ്ഞാപനത്തില് നിഷ്കര്ഷിച്ചിട്ടുള്ള യോഗ്യത മാനദണ്ഡ പ്രകാരവും അനുപാതപ്രകാരവും ജൂനിയര് ഇന്സ്ട്രക്ടര് (ഫിറ്റര്) തസ്തികയില് സ്ഥാനക്കയറ്റത്തിന് അര്ഹരായ താഴെപ്പറയുന്ന ജീവനക്കാരെ കേരള സംസ്ഥാന കീഴ്ദ്യോഗസ്ഥ സേവനവ്യവസ്ഥകളിലെ ചട്ടം-9എ(1) അനുസരിച്ച് 37400-79000 രൂപ ശമ്പളനിരക്കില് ജൂനിയര് ഇന്സ്ട്രക്ടര് തസ്തികയില് അവരുടെ പേരുകള്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐ കളില് നിയമിച്ച് ഉത്തരവാകുന്നു

| ക്രമ നമ്പര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക നിലവില് സേവനത്തിലുള്ള സ്ഥാപനം | വര്ക്കഷോപ്പ് അറ്റന്ഡര് തസ്തികയില് സേവനത്തില് വന്ന തീയതി | യോഗ്യത | സ്ഥാനക്കയറ്റം നില്കി നിയമനം നല്കുന്ന സ്ഥാപനം |
|---|---|---|---|---|---|
| | | രജിത്ത് ആര് | | SSLC | |

| | | | | | |
|---|---|---|---|---|---|
| 1 | 56 | വർക്ക്ഷോപ്പ് അറ്റന്റർ ഐടിഐ കളമശേരി | 29.06.2018 | NTC in Fitter | ഐടിഐ കളമശേരി |
| 2 | 57 | ദർശൻലാൽ എസ് വർക്ക്ഷോപ്പ് അറ്റന്റർ ഐടിഐ ഏറ്റുമാനൂർ | 30.06.2018 | NTC & NAC in Fitter | ഐടിഐ ഏറ്റുമാനൂർ |

ഉദ്യോഗക്കയറ്റം നല്കപ്പെട്ട മേല്പ്പറഞ്ഞ ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങള് കേരളാ ക്രാഫ്റ്റ്സ്മെന് ട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂള്സ് ചട്ടം 6 ലെ വ്യവസ്ഥകള്ക്ക് വിധേയമായിരിക്കുന്നതാണ്. കേരളാ ക്രാഫ്റ്റ്സ്മെന് ട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂള്സ് ചട്ടം-7(ii) -ലെ വ്യവസ്ഥ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർച്ചയായ രണ്ട് വർഷക്കാലയളവിലെ ഒരു വർഷം പ്രൊബേഷന് കാലയളവായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം നൽകപ്പെട്ട മേൽപ്പറഞ്ഞ ജീവനക്കാർ നിലവിലെ തസ്തികയില് നിന്നും വിടുതല് വാങ്ങി പുതിയ തസ്തികയില് സേവനത്തില് പ്രവേശിക്കേണ്ടതാണ്. ടി ജീവനക്കാർ നിലവിൽ സേവനത്തിലുള്ള സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ആണ്. ടി ജീവനക്കാർ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന വിവരം ബന്ധപ്പെട്ട സ്ഥാപനമേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം നൽകപ്പെട്ട ജീവനക്കാർക്ക് ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്ന കാലയളവ്, യാത്രാബത്ത എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

Signed by
Retheesan.c
Date: 2023.10.17 19:23:41

പകർപ്പ്:-1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ[illegible] സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ3. സി.എ (ഡി.റ്റി)/സി.എ (എ.ഡി.റ്റി), 4 എസ്.എസ് (എ)/ജെ.എസ്(എ), 5. എ6 (വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്), 6. എസ്.എഫ് (എ2), 7 വകുപ്പ് വെബ്സൈറ്റ്